എച്ച്. എസ്. എ. സോഷ്യൽ സയൻസിൽ നിലവിലുള്ള ഒഴിവുകളിൽ നിയമനം

101 [3627] *ശ്രീ. മത്തായി ചാക്കോ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിൽ എച്ച്. എസ്. എ. (സോഷ്യൽ സയൻസ്) നിയമനത്തിനായി നിലവിൽ പി. എസ്. സി. തയ്യാറാക്കിയ ലിസ്റ്റുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള എച്ച്. എസ്. എ. ലിസ്റ്റിൽ നിന്നും ഇതിനകം എത്രപേരെ നിയമിച്ചുവെന്നും നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, പാലക്കാട് ജില്ലകളിൽ പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ട്.

(ബി) എച്ച്. എസ്. എ. (സോഷ്യൽ സ്റ്റഡീസ്) ലിസ്റ്റിൽ നിന്നും നിയമനം നടത്തിയ വിവരവും നിലവിലുള്ള ഒഴിവുകളുടെ വിവരവും ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

ജില്ല	*നിയമനം നടത്തിയത്*	*നിലവിലുള്ള ഒഴിവുകൾ*
തിരുവനന്തപുരം	38	6 (ഇതിൽ പി. എസ്. സി. മുഖേന നിയമിക്കേണ്ട 2 ഒഴിവുകൾ പി. എസ്.സി. യെ അറിയിച്ചിട്ടുണ്ട്.)
കൊല്ലം	2	1 (പ്രൊമോഷനുവേണ്ടി മാറ്റിവച്ചത്)
ആലപ്പുഴ	33	–
പത്തനംതിട്ട	നിയമനം നടത്തിയിട്ടില്ല	–
എറണാകുളം	24	–
പാലക്കാട്	46	–
കാസർഗോഡ്	ലിസ്റ്റ് നിലവിലില്ല	5
തൃശ്ശൂർ	”	10
കോട്ടയം	”	2

GPM. 2/255/2012—18

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നിയമാനുസൃതം നടപടികൾ സ്വീകരിക്കുന്നതാണ്.

ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകരുടെ ഫിക്സേഷനുള്ള കാലതാമസം

102 [3628] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്ക്കൂളുകളിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച ഫിക്സേഷൻ ഉത്തരവ് 2000-നുശേഷം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാലതാമസം ഉണ്ടാകാൻ കാരണമെന്താണ്;

(സി) ഫിക്സേഷനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഡി) പുതിയ ഫിക്സേഷൻ ഉത്തരവ് എന്നത്തേക്ക് പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2001-02 അദ്ധ്യയനവർഷം വരെയുള്ള സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി)-(ഡി) 2002-03 അദ്ധ്യയന വർഷം മുതലുള്ള അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് ഫിക്സേഷനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

കാസർഗോഡ് ഇഖ്ബാൽ ഹയർ സെക്കണ്ടറി സ്ക്കൂളിലെ നിയമനങ്ങൾ അംഗീകരിക്കാൻ നടപടി

103 [3629] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ അജാനൂർ ഇഖ്ബാൽ ഹയർ സെക്കണ്ടറി സ്കൂളിൽ പ്യൂൺ ആയിരുന്ന സി. എച്ച്. മുഹമ്മദ് കുഞ്ഞി എന്നയാളെ മൂന്ന് വർഷമായി പ്രൊമോഷനോടുകൂടി ഹയർ സെക്കണ്ടറിയിൽ ലാബ് അസിസ്റ്റന്റായി നിയമിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമനം അപ്രൂവ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്കൂളിൽ ആശ്രിത നിയമനമായി ആർ. ജെ. ലിൻസയെ പ്യൂൺ ആയി നിയമിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly